**GAZETTE DATE : 30.12.2025**
**LAST DATE : 04.02.2026**

# CATEGORY NO: 677/2025

## NCA NOTIFICATION

Applications are invited from qualified candidates belonging to **Scheduled Tribe** communities of Kerala State for selection to the following post. Applications must be submitted online through the official website of the Kerala Public Service Commission after one time registration. Candidates who have already registered can apply through their profile.

1. **Department** : **General Education**
2. **Name of post** : **Part Time Junior Language Teacher (Arabic) LPS**
3. **Scale of pay** : **₹ 25,100 – 57,900/-**
4. **Number of Vacancies** : **District wise**

| Community | District | No. of vacancies | NCA stage |
|---|---|---|---|
| Scheduled Tribe | Thrissur | 1 (One) | 4th NCA |
| | Malappuram | 1 (One) | 5th NCA |
| | Wayanad | 1 (One) | 5th NCA |

(**Fourth NCA** notification due to the non availability of Scheduled Tribe candidates for the post as per Category No. 291/2022 in Gazette dated 30.07.2022, Cat. No. 325/2023 in Gazette dated 29.09.2023 and Cat. No. 230/2024 in Gazette dated 15.07.2024)

(**Fifth NCA** notification due to the non availability of Scheduled Tribe candidates for the post as per Category No. 469/2020 in Gazette dated 30.12.2020, Cat. No. 299/2022 in Gazette dated 30.07.2022, Cat. No. 329/2023 in Gazette dated 29.09.2023 and Cat. No. 231/2024 in Gazette dated 15.07.2024)

Notes: i) Separate Ranked Lists will be prepared for the above districts in pursuance of this notification. NCA Ranked Lists thus prepared and published as per this notification shall remain in force until candidates are advised and appointed against the vacancies earmarked for the above communities, which remains unfilled due to paucity of candidates for selection from the Ranked List published for the post on the following date.

| Name of District | Date of publication of Ranked List | Category No. |
|---|---|---|
| Thrissur | 13.03.2019 | 230/2016 |
| Malappuram | 12.04.2019 | 230/2016 |
| Wayanad | 11.03.2019 | 230/2016 |

ii) The selection in pursuance of this notification will be made on a revenue district basis, subject to the special conditions laid down in G.O. (Ms) No. 154/71/PD dated, 27.05.1971. A candidate advised for appointment in one revenue district from the Ranked List so prepared is not eligible for transfer to another district unless he/she completes five years continuous service from the date of commencement of service in the former district. Even if, transfer is allowed after five years, it will be subject to the orders contained in G.O(MS) No. 4/61/PD, dated 02.1.1961. But as per G.O.(P) No. 12/96/P&ARD dated 16.03.1996 the condition of five years service is not applicable for transfer to the districts Idukki, Wayanad and Kasaragod. The concession will be available only for getting transfer to these districts but not for getting transfer out of these districts. And these concession will be granted only once in the career of a Govt. Servant.

Candidates already in Government service, holding the post in any one district are restricted from applying for the same post in another district. But they can apply for higher posts when notified.

iii) Candidates should submit application for the post to any one of the above mentioned districts, where the vacancy is existing for the respective community and should note the name of that district against the relevant column of the online application.

5. **Method of appointment** : Direct Recruitment (from candidates belonging to Scheduled Tribe communities only). **In the absence of candidates belonging to Scheduled Tribe community, candidates belonging to Scheduled Caste will also be considered.**

<u>Note</u> : Applications submitted by candidates belonging to the community other than that notified will be summarily rejected. No rejection memo will be issued to such candidates.

6. **Age Limit** : 18-45. Only candidates born between 02.01.1980 and 01.01.2007 (both dates included) are eligible to apply for this post. (Including the relaxation as per para 2(i) of General Conditions).

Note :- For concessions allowed in upper age limit, subject to the condition that the maximum age limit shall in no case exceed 50 (fifty) years, please see para (2) of the General Conditions under Part II of this Notification except para 2 (i).

7. **Qualifications :-**

1. A pass in Higher Secondary Examination with Arabic as an optional subject or as second language.

OR

A pass in Afzal-Al-Ulama preliminary examination.

OR

A pass in the Pre Degree examination with Arabic as an optional subject.

OR

A pass in the SSLC examination from Arabic Oriental School or from academic school with Arabic as First Language conducted by the Commissioner for Government Examinations, Kerala and a pass in Higher Secondary examination.

OR

A pass in Higher Secondary examination and a pass in Arabic Teachers Examination conducted by the Commissioner for Government Examinations, Kerala.

OR

A pass in Higher Secondary Examination and Degree/Post Graduate Degree in Arabic language conferred or recognized by the Universities in Kerala.

AND

A pass in the 2 year Diploma in Elementary Education (Arabic), in short D.El.Ed (Arabic), examination conducted by the Commissioner for Government Examinations, Kerala.

**Note:- Qualifications noted as Item 2 below are applicable to those candidates who have acquired those qualifications or gained admission to the respective (Item-2) qualifying courses on or before 07.03.2019. Those who have gained admission to Item-2 qualifying courses from 08.03.2019 to 09.06.2024 will be considered only if they possess D.El.Ed qualification in Arabic as on the last date of receipt of application.**

2.  A degree in Arabic conferred or recognised by the Universities in Kerala.

OR

A title of Oriental Learning in Arabic awarded or recognised by the Universities in Kerala.

OR

A Pass in Pre-degree with Part III Arabic (Special Optional) of the Calicut University.

OR

A pass in Plus two Part III Arabic (optional) course conducted by the Board of Higher Secondary Examinations, Kerala.

OR

A pass in SSLC Examination conducted by the Commissioner for Government Examinations, Kerala with Arabic under Part I and Part II First Language.

OR

A pass in SSLC Examination conducted by the Commissioner for Government Examinations, Kerala or its equivalent and any one of the following qualifications.

(i)  A pass in Arabic Munshi Examination (Higher) conducted by  the Commissioner for Government Examinations, Kerala
(ii)  A pass in Arabic Munshi Examination (Lower) conducted by  the Commissioner for Government Examinations, Kerala
(iii)  A pass in Arabic Teachers Examination conducted by the Commissioner for Government Examinations, Kerala
(iv)  A pass in Arabic Entrance Examination of the Kerala/Calicut Universities.

Note : In addition to the above qualifications, as per G.O (MS) 8/19/G.Edn dated 14.01.2019 BA Arabic & Islamic History double main degree awarded or recognised by Universities in Kerala will also be considered as a qualification for the above said post.

3.  Must have passed the Kerala Teacher Eligibility Test-IV (K-TET-IV) for this post conducted by the Government of Kerala (Generally applicable for candidates who apply under 7(1) and 7(2) above).

(Link)

EQUIVALENT / HIGHER QUALIFICATION

**Exemption**:

(i)  Candidates who have qualified CTET/NET/SET/M.Phil/Ph.D in the respective subjects or M.Ed are exempted from acquiring KTET (G.O. (P) No. 145/16/G.Edn. Dated 30.08.16, G.O. (P) No. 206/16/G.Edn. Dated 08.12.2016).

(ii)  As per G.O.(P) No. 6/2024/GEDN dated 01.02.2024 CTET (Primary stage & Elementary stage) will not be considered against KTET Category III and IV.

(iii)  Candidates who have acquired KTET Category III are exempted from acquiring KTET Category IV [G.O. (Ms) No. 109/22/GEDN dated 24.06.2022]

Note:  (1)  As per G.O (P) No 15/2020/G.Edn dated 09.10.2020, M.Ed which is prescribed as a substitute qualification for KTET need not be subject specific.

(2)  M.Phil in the concerned subject be the one awarded by any of the Universities in Kerala or recognised as equivalent by any of the Universities in Kerala.

(3)  Candidates should possess the minimum general educational qualification for the post viz, A pass in SSLC examination conducted by the Commissioner for Government Examinations, Kerala (G.O (MS) No. 232/2009/G.Edn. Dated 30.11.2009).  (This clause is applicable only for those applying with qualifications specified as 7(2)).

(4)  Rule 10(a)(ii) of Part II of KS & SSR is applicable for this post.

"In addition to the qualifications prescribed in the notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification specified for a post, in the Special Rules or found acceptable by the Commission in cases where acceptance of equivalent qualifications is provided for in the rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government orders declaring equivalent/higher qualifications shall be produced as and when required by the Commission."

**SPECIAL CONCESSIONS REGARDING APPOINTMENT AND AGE LIMIT**

(i) Preference will be given as laid down in G.O (MS) No. 50/70/PD dated 12.02.1970 and G.O (MS) No. 9/78/G.Edn. Dated 21.01.1978 to the wives of Jawans in the matter of recruitment as Teachers, if they possess the prescribed qualifications. Soldiers in active service and those working in Base Establishment are included under the term `Jawans'. Wives of Jawans should select "Are you entitled to any priority" as 'Yes' on the online application and give the details in the space following. Such candidates should obtain proper certificates from the Officer Commanding stating the name, military rank and military address of their husbands and produce the same as and when required by the Commission (G.O (MS) No. 509/64/Edn. Dated 19.09.1964, G.O (MS) No. 614/65/Edn. Dated 09.11.1965 and G.O (MS) No. 243/66/Edn. Dated 27.05.1966).

(ii) First Class Scouts and Guides will be given preference in the matter of appointment as Teachers (G.O (MS) No. 122/75/G.Edn. dated 27.05.1975 and G.O (MS) No. 50/70/PD dated 12/02/1970).

Note: The candidates who are eligible for the above preferences or concessions in upper age limit or concessions by virtue of any of the reason mentioned in Para 2 of the General Condition should claim the same through the "weightage and preferences" link provided in their One Time Registration Profile and give details in the space provided. The applications of candidates who are eligible for concession in upper age limit and who do not claim the same, are liable to be rejected presuming that they are over aged candidates. Upper age limit after allowing the relaxation as per rule should not exceed 50 years of age (see para 2 of General Conditions).

**8. Mode of submitting application:-**

(a) Candidates must register as per ONE TIME REGISTRATION with the official website of Kerala Public Service Commission www.keralapsc.gov.in before applying for the post. Candidates who have registered can apply by logging on to their profile using their User-ID and Password. Candidates must click on the 'Apply Now' button of the respective posts in the Notification Link to apply for a post. **Candidates who create new profile should upload photograph taken within 6 months.** Name of the candidate and the date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of taking the photograph. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile candidates must ensure correctness of the information in their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** The application will be summarily rejected if noncompliance with the notification is found in due course of processing. Original documents to prove qualification, age, community etc. have to be produced as and when called for.

(b) Candidates who have Aadhaar card should add Aadhaar card as I.D proof in their profile.

9. **Last date for submission of application** : **04.02.2026 Wednesday** up to 12 midnight.

10. **Website address** : www.keralapsc.gov.in

11. If a Written/OMR/Online Test is conducted as part of this selection, candidate shall submit a confirmation for writing the examination through their One Time Registration Profile. Such candidates alone can generate and download the admission ticket in the last 15 days till the date of test. The application of candidates who do not submit confirmation within the stipulated period will be rejected absolutely. The periods regarding the submission of confirmation and the availability of admission tickets will be published in the examination calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it. Candidates who have downloaded the Admission Ticket will alone be permitted to attend the examination.

**Special instructions to candidates :-**

12. In the case of difference in Caste/Community claimed in the application and that entered in SSLC book, the candidate shall produce a gazette notification in this regard, along with Community certificate at the time of certificate verification.

13. Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

14. Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer script or products in a written/practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

    (For details including photo, ID card etc. refer the general conditions given in Part II of the gazette notification)

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ : 677/2025
### എൻ.സി.എ വിജ്ഞാപനം

താഴെപ്പറയുന്ന തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ **പട്ടികവർഗ്ഗം** സംവരണ സമുദായത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റ് വഴി ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കേണ്ടതാണ്.

1. **വകുപ്പ്** : **പൊതു വിദ്യാഭ്യാസം**
2. **ഉദ്യോഗപ്പേര്** : **പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) എൽ.പി.എസ്**
3. **ശമ്പള നിരക്ക്** : **₹ 25,100 – 57,900/-**
4. **ഒഴിവുകളുടെ എണ്ണം** : **ജില്ലാടിസ്ഥാനത്തിൽ**

| സമുദായം | ജില്ല | ഒഴിവുകളുടെ എണ്ണം | എൻ.സി.എ ഘട്ടം |
|---|---|---|---|
| പട്ടികവർഗ്ഗം | തൃശ്ശൂർ | 1 (ഒന്ന്) | നാലാം എൻ.സി.എ |
| | മലപ്പുറം | 1 (ഒന്ന്) | അഞ്ചാം എൻ.സി.എ |
| | വയനാട് | 1 (ഒന്ന്) | അഞ്ചാം എൻ.സി.എ |

(ഈ തസ്തികയ്ക്കായി 30.07.2022 ലെ ഗസറ്റിൽ 291/2022 ആയും, 29.09.2023 ലെ ഗസറ്റിൽ 325/2023 ആയും, 15.07.2024 ലെ ഗസറ്റിൽ 230/2024 ആയും വിജ്ഞാപനം ചെയ്തിട്ടും യോഗ്യരായ പട്ടികവർഗ്ഗം വിഭാഗം ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതു കൊണ്ടുള്ള **നാലാം എൻ.സി.എ** വിജ്ഞാപനം)
(ഈ തസ്തികയ്ക്കായി 30.12.2020 ലെ ഗസറ്റിൽ 469/2020 ആയും, 30.07.2022 ലെ ഗസറ്റിൽ 299/2022 ആയും, 29.09.2023 ലെ ഗസറ്റിൽ 329/2023 ആയും, 15.07.2024 ലെ ഗസറ്റിൽ 231/2024 ആയും വിജ്ഞാപനം ചെയ്തിട്ടും യോഗ്യരായ പട്ടികവർഗ്ഗം വിഭാഗം ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതു കൊണ്ടുള്ള **അഞ്ചാം എൻ.സി.എ** വിജ്ഞാപനം)

<u>കുറിപ്പ്</u> :- i) ഈ വിജ്ഞാപന പ്രകാരം ഓരോ ജില്ലയ്ക്കും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന എൻ.സി.എ റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ മേൽപ്പറഞ്ഞ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഇതുവരെ നികത്തപ്പെടാത്ത മേൽപ്പറഞ്ഞ ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തൃശ്ശൂർ | 13.03.2019 | 230/2016 |
| മലപ്പുറം | 12.04.2019 | 230/2016 |
| വയനാട് | 11.03.2019 | 230/2016 |

ii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ സ.ഉ (കൈ) 154/71/പി.ഡിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സ.ഉ (കൈ) 4/61/പി.ഡിയിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996 ലെ സ.ഉ (അച്ചടി) 12/96/ഉഭപവ പ്രകാരം ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമേ ലഭിക്കുകയുള്ളൂ. എന്നാൽ മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

iii) ഈ വിജ്ഞാപന പ്രകാരം ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതുമാണ്.

**5.** **നിയമന രീതി** : നേരിട്ടുള്ള നിയമനം. (പട്ടികവർഗ്ഗം സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം). **പട്ടികവർഗ്ഗം വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അപേക്ഷകളും സ്വീകരിക്കുന്നതാണ്**).

**കുറിപ്പ് :-** വിജ്ഞാപനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള നിരസന മെമ്മോ നൽകുന്നതല്ല.

**6.** **പ്രായ പരിധി** : 18–45. ഉദ്യോഗാർത്ഥികൾ 02.01.1980–നും 01.01.2007–നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ].

കുറിപ്പ്:- യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായ പരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2(i) ഒഴികെ) നോക്കുക.

**7.** **യോഗ്യതകൾ :-**

1. അറബിക് ഒരു ഐച്ഛിക വിഷയമായി അഥവാ രണ്ടാം ഭാഷയായി ഹയർ സെക്കണ്ടറി പരീക്ഷയിൽ നേടിയ വിജയം.

അല്ലെങ്കിൽ

അഫ്സൽ–അൽ–ഉലമ പ്രിലിമിനറി പരീക്ഷയിൽ നേടിയ വിജയം.

അല്ലെങ്കിൽ

അറബിക് ഒരു ഐച്ഛിക വിഷയമായി പ്രീഡിഗ്രി പരീക്ഷയിൽ നേടിയ വിജയം.

അല്ലെങ്കിൽ

അറബിക് ഓറിയന്റൽ സ്കൂളിൽ നിന്നോ അക്കാദമിക് സ്കൂളിൽ നിന്നോ കേരള സർക്കാർ പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് ഒന്നാം ഭാഷയായുള്ള എസ്.എസ്.എൽ.സി പരീക്ഷയിൽ നേടിയ വിജയത്തോടൊപ്പം ഹയർ സെക്കൻഡറി പരീക്ഷ വിജയിച്ചിരിക്കണം.

അല്ലെങ്കിൽ

ഹയർ സെക്കൻഡറി പരീക്ഷയിൽ നേടിയ വിജയത്തോടൊപ്പം കേരള സർക്കാർ പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് ടീച്ചേഴ്സ് പരീക്ഷ വിജയിച്ചിരിക്കണം.

അല്ലെങ്കിൽ

ഹയർ സെക്കൻഡറി പരീക്ഷയിൽ നേടിയ വിജയത്തോടൊപ്പം കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബിക് ഭാഷയിലുള്ള ബിരുദം/ബിരുദാനന്തര ബിരുദം.

കൂടാതെ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന 2 വർഷത്തെ ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ (അറബിക്), ചുരുക്കത്തിൽ ഡി.എൽ.എഡ് (അറബിക്) പരീക്ഷയിൽ വിജയം.

കുറിപ്പ് :- ചുവടെ ഇനം **(2)** ആയി ചേർത്തിരിക്കുന്ന യോഗ്യതകൾ **07.03.2019** തീയതിയിലോ അതിന് മുൻപോ നേടിയ ഉദ്യോഗാർത്ഥികൾക്കും പ്രസ്തുത തീയതിയിലോ അതിന് മുൻപോ യോഗ്യതാ കോഴ്സുകൾക്ക് പ്രവേശനം നേടിയ ഉദ്യോഗാർത്ഥികൾക്കും ബാധകമാണ്. **08.03.2019** തീയതി മുതൽ **09.06.2024** വരെ ഇനം **(2)** യോഗ്യത കോഴ്സുകൾക്ക് പ്രവേശനം നേടിയ ഉദ്യോഗാർത്ഥികളെ**,** അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയ്ക്ക് മുൻപായി ഡി.എൽ.എഡ് അറബിക് യോഗ്യത നേടിയിട്ടുള്ള പക്ഷം തെരഞ്ഞെടുപ്പിന് പരിഗണിക്കുന്നതാണ്.

2. കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബിക് ഭാഷയിലുള്ള ബിരുദം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യ ഭാഷ (അറബിക്) പഠനത്തിലുള്ള ഒരു ടൈറ്റിൽ.

അല്ലെങ്കിൽ

കോഴിക്കോട് സർവ്വകലാശാലയുടെ പാർട്ട് III അറബിക് (സ്പെഷ്യൽ ഓപ്ഷണൽ) ആയി നേടിയിട്ടുള്ള പ്രീ–ഡിഗ്രി.

അല്ലെങ്കിൽ

കേരളത്തിലെ ഹയർ സെക്കൻഡറി ബോർഡ് നടത്തുന്ന പ്ലസ്ടു പാർട്ട് III അറബിക് (ഓപ്ഷണൽ) കോഴ്സ് പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷ ഒന്നാം ഭാഷയായി (ഫസ്റ്റ് ലാംഗ്വേജ്) പാർട്ട് ഒന്നും രണ്ടും അറബിക് എടുത്ത് പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം. കൂടാതെ താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉണ്ടായിരിക്കണം.

(i) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് മുൻഷി (ഹയർ) പരീക്ഷ പാസ്സായിരിക്കണം.

(ii) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് മുൻഷി (ലോവർ) പരീക്ഷ പാസ്സായിരിക്കണം.

(iii) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് അദ്ധ്യാപക പരീക്ഷ പാസ്സായിരിക്കണം.

(iv) കേരളാ യൂണിവേഴ്സിറ്റിയോ കാലിക്കറ്റ് യൂണിവേഴ്സിറ്റിയോ നടത്തുന്ന അറബിക് പ്രവേശന പരീക്ഷ പാസ്സായിരിക്കണം.

<u>കുറിപ്പ്</u> : മേൽ പരാമർശിച്ച യോഗ്യതകൾക്കു പുറമെ 14.01.2019 ലെ സ.ഉ. (കൈ) നമ്പർ 8/19/പൊവിവ പ്രകാരം കേരളത്തിലെ സർവകലാശാലകൾ നടത്തുന്നതോ അംഗീകരിച്ചതോ ആയ ബി.എ അറബിക് & ഇസ്ലാമിക് ഹിസ്റ്ററി ഡബിൾ മെയിൻ ഡിഗ്രി യോഗ്യതയും ടി തസ്തികയ്ക്കുള്ള ഒരു യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്.

3. കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ്-IV (കെ-ടെറ്റ്-IV) പാസ്സായിരിക്കണം. (7(1), 7(2) ഇനങ്ങളിലെ യോഗ്യതകൾ പ്രകാരം അപേക്ഷിക്കുന്നവർക്ക് പൊതുവായി ബാധകമാണ്).

(Link)

EQUIVALENT / HIGHER QUALIFICATION

**<u>ഒഴിവാക്കൽ</u> :**

(i) എം.എഡ് അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ കെടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. (30.08.2016 തീയതിയിലെ GO (P) No. 145/16/G.Edn, 08.12.2016 തീയതിയിലെ GO (P) No. 206/16/G.Edn)

(ii) 01.02.2024 തീയതിയിലെ G.O.(P) No. 6/2024/GEDN പ്രകാരം CTET (പ്രൈമറി സ്റ്റേജ് & എലിമെന്ററി സ്റ്റേജ്) യോഗ്യത നേടിയവരെ KTET കാറ്റഗറി III, IV യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

(iii) KTET കാറ്റഗറി III നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ KTET കാറ്റഗറി IV നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. (24.06.2022 തീയതിയിലെ സ.ഉ (കൈ) നം. 109/2022/ GEDN നമ്പർ സർക്കാർ ഉത്തരവ്).

<u>കുറിപ്പ്</u> :

(1) 09.10.2020 തീയതിയിലെ സ.ഉ (അച്ചടി) നം. 15/2020/പൊവിവ പ്രകാരം KTET-ന് പകരം നിശ്ചയിച്ചിട്ടുള്ള M.Ed ബന്ധപ്പെട്ട വിഷയത്തിലാവണം എന്ന് നിർബന്ധമില്ല.

(2) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

(3) 30.11.2009 ലെ G.O. (Ms.) No. 232/2009/G. Edn. ഉത്തരവനുസരിച്ച് ഉദ്യോഗാർത്ഥികൾ പ്രസ്തുത തസ്തികയ്ക്കുള്ള മിനിമം യോഗ്യതയായി കേരള ഗവൺമെൻറ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷ പാസ്സായിരിക്കണം. (ഇനം 7(2)ലെ യോഗ്യതകളുടെ അടിസ്ഥാനത്തിൽ അപേക്ഷിക്കുന്നവർക്ക് മാത്രം ബാധകം).

(4) KS & SSR പാർട്ട് II റൂൾ 10 (a) (ii) ഈ തെരഞ്ഞെടുപ്പിന് ബാധകമാണ്.

"ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്."

__പ്രായ പരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ__

(i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് അദ്ധ്യാപക നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12.02.1970-ലെ G.O. (MS) 50/70/PD, 21.01.1978-ലെ G.O. (Ms) 9/78/G.Edn. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ, വൺടൈം രജിസ്ട്രേഷൻ പ്രൊഫൈലിൽ "വെയിറ്റേജ് ആന്റ് പ്രിഫറൻസസ്" ലിങ്ക് വഴി ആയത് അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവന വിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. [19.09.1964 ലെ G.O.MS.509/Edn., 09.11.1965 ലെ G.O (MS) No. 614/65/Edn., 27.05.1966 ലെ G.O (MS) No. 243/66/Edn]

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിനും, ഗൈഡ്സിനും അദ്ധ്യാപക നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (27.05.1975 തീയതിയിലെ G.O (MS) No. 122/75/G.Edn., 12.02.1970 തീയതിയിലെ G.O (MS) No. 50/70/PD).

__കുറിപ്പ് :__
മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, താഴെ പൊതു വ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായ പരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ "വെയിറ്റേജ് ആന്റ് പ്രിഫറൻസസ്" ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായ പരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായ പരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

**8. അപേക്ഷ സമർപ്പിക്കേണ്ട രീതി :**

(എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralapsc.gov.in വഴി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User ID യും Password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ Apply now ൽ മാത്രം click ചെയ്യേണ്ടതാണ്. **പുതിയതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.** ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച് മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നല്കേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിനു മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പു വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാ സമർപ്പണത്തിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്നപക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(ബി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

**9. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി : 04.02.2026 ബുധനാഴ്ച** രാത്രി 12 മണി വരെ

**10. വെബ്സൈറ്റ് മേൽവിലാസം** : www.keralapsc.gov.in

11. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റതവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത്

ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാ തീയതിവരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവു സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ.

**<u>ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ</u>**

12. ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

13. ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതു വ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതു വ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

14. വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

(ഫോട്ടോ, ഐ.ഡി കാർഡ് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പാർട്ട് II ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി നോക്കുക)

|സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ